(സി) ഈ പാനീയത്തിന്റെ വിപണനത്തിന് എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടോ;

(ഡി) ബഹുരാഷ്ട്ര കുത്തകകളുടേതായി വിപണിയിലുള്ള കൊക്കോകോള, പെപ്സി, സെവൻഅപ് തുടങ്ങിയ സിന്തറ്റിക് സോഫ്റ്റ് ഡ്രിങ്ക്സിന്റെയും പാംലഹറിന്റെയും ഗുണഗണങ്ങൾ താരതമ്യം ചെയ്തു പാംലഹറിനുവേണ്ടി പ്രചരണം നടത്താനുള്ള പരിപാടികൾ ഏതുവരെയായി എന്ന് വിശദമാക്കുമോ;

(ഇ) പാംലഹർ ഉല്പാദനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? ഉല്പാദനവർദ്ധനവിന് തടസ്സം നിൽക്കുന്ന ഘടകങ്ങൾ ഉള്ളതായി ഗവൺമെന്റ് കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം നൽകുമോ:

ഉത്തരം

(എ) ഇല്ല

(ബി) പാംലഹറിന്റെ പ്രതിദിന ഉൽപ്പാദനം 1000 കുപ്പികളാണ്. ആരംഭകാലത്തെ പ്രതിദിന ഉൽപ്പാദനം 300 കുപ്പികൾ മാത്രമായിരുന്നു.

(സി) ഇല്ല.

(ഡി) പാംലഹറിന്റെ വിപണനം വർദ്ധിപ്പിക്കുന്നതിനായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടി.വി., പത്രം തുടങ്ങിയ മാധ്യമങ്ങളിലൂടെ പരസ്യം നൽകി ജനങ്ങളെ ബോധവൽക്കരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ)&(എഫ്) ഉണ്ട്. പാംലഹറിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ യൂണിറ്റുകൾ തുറക്കുകയും അവയിൽ ഓട്ടോമാറ്റിക് മെഷിനറികൾ സ്ഥാപിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

53 (609) കൈത്തറി തൊഴിലാളികളുടെ ക്ഷേമം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുവാൻ ഗവൺമെന്റിന് എന്തെല്ലാം പരിപാടികളാണുള്ളത്;

(ബി) കൈത്തറി വസ്ത്രങ്ങളുടെ വില്പന വിപുലീകരിക്കുന്നതിന് എന്തെല്ലാം സഹായങ്ങൾ നൽകി വരുന്നു;

(സി) മറ്റു സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന കൈത്തറി തുണികളുമായി മത്സരിക്കുന്നതിന് സംസ്ഥാനത്തെ കൈത്തറിസംഘങ്ങളെ പ്രാപ്തമാക്കുവാൻ എന്തെല്ലാം നടപടികളാണുള്ളതെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) 1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി നിയമം/പദ്ധതി അനുസരിച്ച് ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ, എക്സ്ഗ്രേ

LIBRARY ARCHIVES Kerala Legislative Assembly

ഷ്യായും. ധനസഹായം, ജോലിയിലിരിക്കെ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് ധനസഹായം, എസ്.എസ്.എൽ.സി. പാരിതോഷികം, വിദ്യാഭ്യാ സഗ്രാന്റ് തുടങ്ങിയവ നൽകി വരുന്നുണ്ട്. കൂടാതെ കേന്ദ്രഗവൺമെന്റിന്റെയും സംസ്ഥാന സർക്കാരിന്റെയും വിവിധ പദ്ധതികൾ പ്രകാരമുള്ള ഗ്രാന്റുകളും ലോണുകളും ലഭ്യമാണ്. കൈത്തറി നെയ്ത്തുകാർക്ക് ഇൻഷ്വറൻസ് പണി ശാല, പണിശാലയോടുകൂടിയ ഭവനനിർമ്മാണ പദ്ധതി, നെയ്ത്തുകാരുടെ ആരോഗ്യ പരിപാലന പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു.

(ബി) ഉത്സവവിശേഷ അവസരങ്ങളിൽ വിൽക്കുന്ന കൈത്തറി തുണി കൾക്ക് 20% റിബേറ്റ് നൽകി വരുന്നു. ടെൻഡർ നടപടി കൂടാതെ ഹാൻടെ ക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപന ങ്ങൾക്കാവശ്യമായ തുണിത്തരങ്ങൾ വാങ്ങുന്നതിന് സർക്കാർ ഉത്തരവ് പുറ പ്പെടുവിച്ചിട്ടുണ്ട്. വൈവിധ്യമാർന്ന നൂതന ഡിസൈനുകളോടുകൂടിയ കൈത്തറി വസ്ത്രങ്ങൾ ഉല്പാദിക്കുന്നതിന് നൂതനമായ കമ്പ്യൂട്ടർ പാർക്ക് ഹാൻടെക്സിൽ സ്ഥാപിക്കുന്നതിന് സർക്കാർ ഹാൻടെക്സ് വഴി നടപടിയെ ടുത്തുവരുന്നു. വിൽപ്പന മാന്ദ്യമുള്ള തുണിത്തരങ്ങൾ പ്രത്യേക കിഴിവ് അനു വദിച്ചു വിൽക്കുന്നതിന് പ്രത്യേക സഹായം നൽകിവരുന്നു. പ്രദർശന വിൽപ്പന ശാലകൾ സ്ഥാപിക്കുന്നതിനും പ്രദർശനവിൽപന മേളകളിൽ പങ്കെ ടുത്തു വിപണനം നടത്തുന്നതിനും കയറ്റുമതി പ്രോത്സാഹനത്തിനും സർക്കാർ ധനസഹായം നൽകിവരുന്നു.

(സി) ഉല്പന്നങ്ങളുടെ വില കുറയ്ക്കുന്നതിന് സഹായകരമായി സബ്സിഡി അനുവദിച്ച് അസംസ്കൃത വസ്തുവായ കഴിനൂൽ വിതരണം ചെയ്തുവരുന്നു. കൈത്തറി ഉല്പന്ന നിർമ്മാണത്തിന് പ്രത്യേകിച്ചും സിൽക്ക്, പോളിസ്റ്റർ ഇനങ്ങൾ ഉല്പാദിപ്പിക്കാൻ തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനവും വിപണനത്തിന് പ്രോത്സാഹനവും നൽകിവരുന്നു. ആധുനി കവും ജനങ്ങൾക്ക് കൂടുതൽ പ്രിയങ്കരവുമായ ഡിസൈനുകൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ തറികളിൽ വരുത്താനുതകുന്ന സാങ്കേതികവിദ്യ നടപ്പിലാ ക്കിവരുന്നു. കയറ്റുമതി ലക്ഷ്യമാക്കി ഉല്പന്നങ്ങളുടെ ഉല്പാദനത്തിന് പ്രോത്സാഹനം നൽകിവരുന്നു. വിപണന പ്രോത്സാഹനമായി റിബേറ്റ്/ എം.ഡി.എ. പദ്ധതികൾ തുടർന്നു വരുന്നു.

54 (610) കാപ്പെക്സിൽ നടന്ന ചർച്ച

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുഡ്വിൽ, ഓണം, ഇൻസെന്റീവ് ബോണസ് എന്നീ ഇനങ്ങ ളിൽ നൽകാനുള്ള തുകയെപ്പറ്റി 25-9-1998 ൽ കാപ്പെക്സ് ഹെഡ് ഓഫീസിൽ വച്ച് നടത്തിയ ചർച്ചയുടെ അന്തിമ തീരുമാനമെന്താണെന്ന് വെളിപ്പെടു ത്തുമോ;

(ബി) ഇതേപ്പറ്റിയുള്ള എന്തെങ്കിലും രേഖകൾ ഗവൺമെന്റിന്റെ പക്കൽ ഇപ്പോഴുണ്ടോ;

(സി) ഗുഡ്വിൽ, ഓണം ഇൻസെന്റീവ് എന്നിവയ്ക്കുള്ള നിർവചനം വ്യക്തമാക്കുമോ;

(ഡി) ഗുഡ്വിൽ, ഓണം ഇൻസെന്റീവ് എന്നിവ അനുവദിക്കാതെ എക്സ്ഗ്രേഷ്യാ മാത്രമായി ആർക്കെങ്കിലും 1996 കലണ്ടർ വർഷത്തെ

LIBRARY ARCHIVES Kerala Legislative Assembly